# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6430** — **21.11.2019 ൽ മറുപടിക്ക്**

**കിഫ്ബി മുഖേനയുള്ള കൊല്ലം ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കിഫ്ബി ധനസഹായത്തോടെ കൊല്ലം ജില്ലയിൽ നടക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ നിർത്തിവയ്ക്കാൻ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ പേരു വിവരവും നിർത്തി വെയ്ക്കാൻ നിർദ്ദേശം നൽകേണ്ടി വന്നതിന് കാരണങ്ങളും വ്യക്തമാക്കുമോ; | (ബി) ആയൂർ - ഇത്തിക്കര റോഡ് ( രണ്ടാം ഘട്ടം), പാങ്ങോട് കടയ്ക്കൽ ചിങ്ങേലി ചടയമംഗലം റോഡ് എന്നീ പ്രവൃത്തികളാണ് താൽക്കാലികമായി നിർത്തിവച്ചത്. കിഫ്ബിയുടെ സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് ആവശ്യമായ പുരോഗതിയില്ല എന്നതും പ്രവൃത്തികളുടെ ഗുണനിലവാരത്തിൽ ചില അപാകതകളും ചൂണ്ടിക്കാട്ടിയാണ് പ്രവൃത്തികൾ നിർത്തിവെച്ചത്. |
| (സി) കരാറുകാരുടെ നിരുത്തരവാദപരമായ സമീപനം മൂലം ജില്ലയിൽ കിഫ്ബി ധനസഹായത്തോടെയുള്ള മരാമത്ത് പ്രവൃത്തികളിലെ മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക്ക് പോസ്റ്റുകൾ, വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ എന്നിവ മാറ്റി സ്ഥാപിച്ചും, പുറമ്പോക്ക് ഭൂമിയും ഫ്രീ സറണ്ടർ ആയി സ്ഥലം ലഭ്യമാക്കിയും കിഫ്ബി നിഷ്കർഷിക്കുന്ന വീതി ഉറപ്പാക്കിയുമാണ് നിർമ്മാണം നടത്തി വരുന്നത്. ആയതിനാൽ ചില പ്രവൃത്തികളിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**